LIBRARY ARCHIVES Kerala Legislative Assembly

ഒന്നിലധികം ക്ഷേനിധി ബോർഡുകളിലെ അംഗത്വം

86 [2213] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണ്;

(ബി) അംഗത്വം എടുത്തവർ യഥാർത്ഥ തൊഴിലാളികൾ ആണോ എന്ന് അന്വേഷണം നടത്തുന്നതിന് എന്തു സംവിധാനമാണുള്ളതെന്നറിയിക്കാമോ;

(സി) ഒരാൾ തന്നെ ഒന്നിൽ കൂടുതൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. ††

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

87 [2214] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) കുടിശ്ശിക പെൻഷൻ മുഴുവനും കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,59,205 പേർക്ക് പുതുതായി കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

† അനുബന്ധം V

†† അനുബന്ധം VA

* അനുബന്ധം VI

അനുബന്ധം IV—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്		*പിരിച്ചെടുക്കുവാനുള്ള തുക*	
കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്	..	2,91,830	രൂപ
കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്	..	2,54,63,181	,,
കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി	..	29,53,808	,,
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	..	12,62,16,205	,,
കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്	..	1,23,84,556	,,
കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	..	24,78,678	,,

അനുബന്ധം V

[15-7-2004-ലെ ചോദ്യം നമ്പർ 86 (2213)-ന്റെ ഉത്തരം ദയവായി കാണുക.]

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും തൊഴിലുടമകളുടെയും വിഹിതം യഥാസമയം അടയ്ക്കുവാനുള്ള ഉത്തരവാദിത്വം തൊഴിലുടമയ്ക്കാണ്.
കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്ന തൊഴിലാളികൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്. 1. അംശാദായം എല്ലാ മാസവും പിഴകൂടാതെ 10-ാം തീയതിക്കു മുമ്പ് ഒടുക്കേണ്ടതാണ്. 2. എല്ലാ രണ്ടു വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ്	3. ഒരു വർഷത്തിൽ കൂടുതൽ അംശാദായം കുടിശ്ശിക വരുത്തിയാൽ കുടിശ്ശിക വരുത്തിയ ഓരോ മാസത്തേക്കും ഒരു രൂപ പലിശയും 2 രൂപ പിഴപലിശയും ഒടുക്കി രജിസ്ട്രേഷൻ പുനഃസ്ഥാപിക്കാവുന്നതാണ്. 4. വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി താഴെ പറയുന്നു: (i) റിട്ടയർമെന്റ് പെൻഷൻ: റിട്ടയർമെന്റ് (60 വയസ്സ്) തീയതിക്ക് മൂന്നു മാസം മുമ്പ്. (ii) വിവാഹാനുകൂല്യം: വിവാഹ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ (iii) പ്രസവാനുകൂല്യം: പ്രസവ തീയതി മുതൽ 3 മാസത്തിനുള്ളിൽ (iv) ക്യാഷ് അവാർഡ്: എസ്. എസ്. എൽ.സി. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ. (v) സ്കോളർഷിപ്പ്: പ്രവേശനം നേടി 60 ദിവസത്തിനകം (vi) മരണാനന്തരാനുകൂല്യം: മരണം സംഭവിച്ച് ഒരു മാസത്തിനുള്ളിൽ
കേരള ഈറ്റ, കാട്ടുവള്ളി, തഴ, തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ ഓരോ തൊഴിലാളിയും പ്രതിമാസം 7 രൂപ നിരക്കിൽ ക്ഷേമനിധിയിലേക്ക് അംശാദായം അടക്കുവാൻ ബാധ്യസ്ഥരാണ്.
കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി	കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗത്വം ലഭിക്കുന്നവർ പ്രതിമാസം 25 രൂപ വീതം ഫെഡറൽ ബാങ്കിന്റെ തൊഴിലാളി തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒരു ശാഖയിൽ അംശാദായം ഒടുക്കേണ്ടതാണ്.

2/948/2012—20

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്	തൊഴിലുടമ അയാളുടെ കീഴിൽ ജോലി ചെയ്യുന്ന ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ അംശാദായം ഓരോ മാസവും ക്ഷേമനിധിയിൽ ഒടുക്കേണ്ടതാണ്. സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ അവരുടെ അംശാദായം എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി നൽകേണ്ടതാണ്. 12 മാസത്തെ അംശാദായം ഒന്നിച്ച് അടയ്ക്കാവുന്നതാണ്. എന്നാൽ തുടർച്ചയായി 3 മാസത്തെ വിഹിതമടയ്ക്കാൻ വീഴ്ച വരുത്തിയാൽ അംഗത്വം നഷ്ടപ്പെടുന്നതാണ്. അംഗത്വം പിഴയോടു കൂടി പുനഃസ്ഥാപിക്കുവാൻ വ്യവസ്ഥയുണ്ട്.
കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത അംഗങ്ങളിൽ സ്ഥാപനത്തിലെ തൊഴിലാളികളെ സംബന്ധിച്ച് അംശാദായം തൊഴിലുടമ പ്രതിമാസം അടയ്ക്കേണ്ടതിനാൽ അംഗങ്ങൾ പ്രത്യേകമായി യാതൊന്നും പാലിക്കേണ്ടതില്ല. തൊഴിലുടമ അടയ്ക്കുന്ന തൊഴിലാളി അംശാദായം തൊഴിലാളികളിൽനിന്ന് ഉടമയ്ക്ക് ഈടാക്കാവുന്നതാണ്. സ്വയംതൊഴിൽ വിഭാഗക്കാർ അവരുടെ അംശാദായം പ്രതിമാസമോ 6 മാസത്തിൽ ഒരിക്കൽ ഒന്നിച്ചോ അടയ്ക്കേണ്ടതാണ്. 6 മാസത്തിൽ കൂടുതൽ അംശാദായം അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ സ്വയം തൊഴിൽ വിഭാഗക്കാരുടെ അംഗത്വം സ്വയം റദ്ദായിപ്പോകും.
കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്	കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിച്ച തൊഴിലാളികളുടെ അംശാദായ വിഹിതം ക്ഷേമനിധി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരം തൊഴിലുടമ തൊഴിലാളികളുടെ വേതനത്തിൽ നിന്നും വസൂലാക്കി തൊഴിലുടമയുടെ വിഹിതത്തോടൊപ്പം ബോർഡിലേക്ക് ഒടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്	കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗത്വം എടുത്തിട്ടുള്ളവർ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്: 1. 11 മാസത്തിൽ കൂടുതൽ അംശാദായം കുടിശ്ശിക വരുത്താൻ പാടില്ല. 2. എല്ലാ വർഷവും തൊട്ടു മുമ്പിലുള്ള കലണ്ടർ വർഷത്തിൽ 90 ദിവസത്തിൽ കൂടുതൽ നിർമ്മാണ ജോലികൾ ചെയ്തിരുന്നു എന്നുള്ള സാക്ഷ്യപത്രം (കോൺട്രാക്ടർ/ അസിസ്റ്റന്റ് ലേബർ ഓഫീസർ/പഞ്ചായത്ത് സെക്രട്ടറി/ട്രേഡ് യൂണിയൻ അധികാരിയിൽ നിന്നും) ഉൾപ്പെടെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.
കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ ഒരു തൊഴിലാളി 6 മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്താതെ പ്രതിമാസം 5 രൂപ വീതം അംശാദായം അടച്ചു കൊണ്ടിരിക്കണം.
കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	തൊഴിലാളി വേതനത്തിന്റെ 8 ശതമാനം അംശാദായമായും തൊഴിലുടമ 8 ശതമാനം അംശാദായമായും 5 ശതമാനം ഗ്രാറ്റുവിറ്റിയായും അടയ്ക്കണം.
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	തൊഴിലാളിയുടെ വേതനത്തിന്റെ 8 ശതമാനവും തൊഴിലുടമയുടെ വിഹിതമായ 8 ശതമാനവും കൂടാതെ 5 ശതമാനം ഗ്രാറ്റുവിറ്റിയിലേക്കുമായി തൊഴിലുടമ അടയ്ക്കേണ്ടതാണ്.
കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായ ഒരു തൊഴിലാളിയെ സംബന്ധിച്ച് തുടർച്ചയായി ജോലി ചെയ്യുന്നതോടുകൂടി അംഗത്വം സ്ഥായിയായി നിലനിൽക്കുന്നതാണ്. ടിയാന്റെ ക്ഷേമനിധി വിഹിതം (ശമ്പളത്തിന്റെ 10 ശതമാനം) പിടിച്ചെടുക്കേണ്ടതും അത് തൊഴിലുടമാവിഹിതമായ 15 ശതമാനം കൂടിചേർത്ത് ആകെ 25 ശതമാനം ബോർഡിൽ അടയ്ക്കേണ്ടതിന്റെയും ബാധ്യത തൊഴിലുടമകൾക്കാണ്. തൊഴിലാളികൾക്ക് പ്രത്യേക നിബന്ധനകളൊന്നും ഇല്ല.

2/948/2012—20a

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി	കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നവർ പ്രതിമാസം 10 രൂപ വീതം അംശദായം മുടക്കം വരാതെ നിശ്ചയിച്ചിട്ടുള്ള ബാങ്കിൽ അടക്കേണ്ടതും ഐഡന്റിറ്റി കാർഡ്, പാസ്ബുക്ക് എന്നിവ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതുമാണ്.
കേരള ചുമട്ടുത്തൊഴിലാളി ക്ഷേമ ബോർഡ്	കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 8, 9, 10, 11 ഖണ്ഡികകൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രാദേശിക കമ്മിറ്റിയിൽ രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള തൊഴിലാളികൾ അവരവർക്ക് കമ്മിറ്റി നിർദ്ദേശിച്ചു നൽകിയിട്ടുള്ള പ്രദേശങ്ങളിൽ മാത്രമെ ജോലി ചെയ്യാൻ പാടുള്ളൂ. കയറ്റിറക്ക് നടത്തേണ്ടുന്ന ചരക്കുകൾ അതീവ ശ്രദ്ധയോടെ നാശനഷ്ടങ്ങൾ ഉണ്ടാകാതെ കൈകാര്യം ചെയ്യേണ്ടതാണ്. എല്ലാ തൊഴിലാളികളും അവരവരുടെ ജോലി തൊഴിലുടമയുടെയോ കമ്മിറ്റി അധികാരികളുടെയോ മേൽനോട്ടത്തിൽ ചെയ്യേണ്ടതാണ്. തൊഴിലാളികൾ പദ്ധതി വ്യവസ്ഥകൾ അനുസരിച്ചല്ലാതെ വേതനം കൈപ്പറ്റാൻ പാടില്ലാത്തതുമാണ്.

അനുബന്ധം V A

[15-7-2004-ലെ ചോദ്യം നമ്പർ 86 (2213)-ന്റെ ഉത്തരം ദയവായി കാണുക.]

കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ, തൊഴിലുടമകളാണ് അവരുടെ തൊഴിലാളികളുടെ വിഹിതവും ചേർത്ത് അടയ്ക്കുന്നത്. തൊഴിലാളികൾ നേരിട്ട് അംഗത്വമെടുക്കാത്തതിനാൽ അന്വേഷണം നടത്തുന്നതിന് സംവിധാനമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V A—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിന് അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ അതാത് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ അതിൻമേൽ അന്വേഷണം നടത്തിയതിനുശേഷമാണ് അംഗത്വം നൽകാൻ തീരുമാനിക്കുന്നത്.
കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ്	അംഗീകൃത തൊഴിൽ സംഘടനകളോ, അസിസ്റ്റന്റ് ലേബർ ഓഫീസറോ സാക്ഷ്യപ്പെടുത്തി നൽകുന്ന തൊഴിൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അംഗത്വം നൽകുന്നത്.
കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്	അംഗത്വമെടുക്കുന്നവർ യഥാർത്ഥ തൊഴിലാളികളാണോ എന്നറിയുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ നേരിട്ട് അന്വേഷണം നടത്താവുന്നതാണ്.
കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ ബന്ധപ്പെട്ട വിവിധ യൂണിയൻ ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ തൊഴിലാളികളേയും തൊഴിലുടമകളേയും വരുത്തി മൊഴി രേഖപ്പെടുത്തുകയും അപ്രകാരം അന്വേഷണം നടത്തി ഉത്തമബോദ്ധ്യം വന്നതിനുശേഷം അർഹരായവർക്ക് അംഗത്വം നൽകുകയുമാണ് ചെയ്യുന്നത്.
കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി	കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാകുന്നവർ ഹാജരാക്കുന്ന തൊഴിൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അംഗത്വം നൽകുന്നത്. കൂടാതെ തൊഴിൽ സംബന്ധമായി സംശയമുള്ള സംഗതികളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ നേരിട്ട് അന്വേഷണം നടത്തുകയും ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V A—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്	തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളും സ്വയംതൊഴിൽ ചെയ്യുന്നവരുമാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ അംഗങ്ങളായുള്ളത്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലി. എന്ന തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് പ്രസ്തുത വിഭാഗത്തിൽ തൊഴിലാളികളായിട്ട് നിലവിലുള്ളത്. ഇവരെ സംബന്ധിച്ച് ടി സ്ഥാപനം സാക്ഷ്യപ്പെടുത്തുന്നത് അനുസരിച്ചാണ് അംഗത്വം അനുവദിക്കുന്നത്. സ്വയംതൊഴിൽ ചെയ്യുന്നവരുടെ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.
കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	കൈത്തറി തൊഴിലാളികൾ അവർ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രവും, സ്വയംതൊഴിൽ വിഭാഗക്കാർ അവർ കൈത്തറി വ്യവസായത്തിൽ ജോലി ചെയ്തു വരുന്നവരാണെന്ന് കാണിച്ച് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കുന്നുണ്ട്. ഇതിന്റെ നിജസ്ഥിതി പരിശോധിച്ചാണ് അംഗത്വം നൽകുന്നത്.
കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്	അംഗത്വം എടുക്കുന്നവർ യഥാർത്ഥ തൊഴിലാളികളാണെന്ന് ബന്ധപ്പെട്ട തൊഴിലുടമ സാക്ഷ്യപ്പെടുത്തി നൽകുകയും അംഗത്വ കാർഡ് വിതരണം ചെയ്യുന്നതിനുമുമ്പ് ബോർഡിലെ ഇൻസ്പെക്ടർ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്.
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	യഥാർത്ഥ തൊഴിലാളിയാണോ എന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി വാഹന പരിശോധനയ്ക്കു പുറമേ നിയമത്തിലെ 8 (1) വകുപ്പു പ്രകാരം തൊഴിലുടമയ്ക്കും തൊഴിലാളികൾക്കും നോട്ടീസ് നൽകിക്കൊണ്ടുള്ള അന്വേഷണ നടപടികളും സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V A—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്	പദ്ധതി പ്രകാരം ഒരു തൊഴിലാളിയുടെ സംഗതിയിൽ തൊഴിലുടമയിൽ നിന്നും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുടെ സംഗതിയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറിൽ നിന്നോ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നോ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ ലഭിച്ച തൊഴിലും തൊഴിൽ പരിചയവും കാണിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് അംഗത്വം നൽകുന്നത്.
കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി	തൊഴിലാളി സമർപ്പിക്കുന്ന ഡ്രൈവിംഗ് ലൈസൻസ്, വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗത്വം നൽകുകയുള്ളു.
കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്	രജിസ്റ്ററിംഗ് അതോറിറ്റിയായ അസിസ്റ്റന്റ് ലേബർ ഓഫീസർ, 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 (എ) പ്രകാരം ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷം തിരിച്ചറിയൽ കാർഡ് കൊടുത്തിട്ടുള്ള തൊഴിലാളികളെയാണ് ക്ഷേമനിധി ബോർഡിന്റെ കീഴിൽ അംഗത്വം നൽകുന്നത്.
കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	ബോർഡിന്റെ തീരുമാനമനുസരിച്ച് ഒരു തൊഴിലാളിയെ തിരിച്ചറിഞ്ഞ് തൊഴിൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം വിവിധ കർഷക തൊഴിലാളി യൂണിയനുകളുടെ പഞ്ചായത്ത്, ബ്ലോക്ക്, താലൂക്ക്, ജില്ലാ ഭാരവാഹികൾക്കാണ്. ബോർഡിൽ അംഗത്വമെടുത്തവർ യഥാർത്ഥ കർഷകത്തൊഴിലാളിയാണോയെന്ന് പരിശോധിക്കുന്നതിന് ഫലപ്രദമായ സംവിധാനം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly